"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - പ്ലാൻ ഫണ്ട് - വർക്ക്സ് ബജറ്റ് 2024-25 മാറമ്പിള്ളിയിലെ വാഴക്കുളം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒ.പി ബ്ലോക്ക് നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി- ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.261/2026/H&FWD തീയതി,തിരുവനന്തപുരം, 20-01-2026

---

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 22.11.2025 തീയതിയിലെ പി.എൽ.ബി.2/22867/2025 നമ്പർ കത്ത്
2. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ 13.09.2025 തീയതിയിലെ CE/BL/PL2/EKM /5332/2024_5_1_1 നമ്പർ കത്ത്

**ഉത്തരവ്**

2024-2025 സംസ്ഥാന വർക്ക്സ് ബജറ്റിൽ മാറമ്പിള്ളി കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ ഒ.പി. ബ്ലോക്ക് നിർമ്മാണം എന്ന പ്രവൃത്തിക്കായി അടങ്കൽ തുകയായി ₹300 ലക്ഷം രൂപ ഉൾക്കൊള്ളിക്കുകയും, പ്രസ്തുത തുകയുടെ 20% ആയ ₹60,00,000/- രൂപ (അറുപത് ലക്ഷം രൂപ മാത്രം) വകയിരുത്തുകയും ചെയ്തിരുന്നു (2024-25 ബഡ്ജറ്റ് അനുബന്ധം II വാല്യം II, ക്രമ നമ്പർ 341. പരാമർശം (1) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ വാഴക്കുളം കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെ ഭരണാനുമതിയ്ക്കായി സമർപ്പിച്ചിരുന്നു. വാഴക്കുളം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒ.പി. ബ്ലോക്ക് നിർമ്മാണം എന്ന പ്രവൃത്തിയ്ക്കായി പൊതുമരാമത്ത് വകുപ്പ് ₹300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയ നൽകിയിട്ടുള്ളത്. G + 1 ആർ.സി.സി. ഫ്രെയ്മ്ഡ് സ്ട്രക്ചർ കെട്ടിടമാണ് എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാറമ്പിള്ളിയിലെ **'വാഴക്കുളം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒ.പി ബ്ലോക്ക് നിർമ്മാണം'** എന്ന പ്രവൃത്തിയ്ക്കായി **'4210-01-110-74-01-00-00-PV'** എന്ന ശീർഷകത്തിനു കീഴിൽ **₹3,00,00,000/- രൂപയുടെ (മൂന്നു കോടി രൂപ മാത്രം) ഭരണാനുമതി** നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ആർ

അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് - എ) വകുപ്പ് (നം.3352969/HLT-A1/227/2025-FIN തീയതി 07.01.2026 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/294/2025-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 21-01-2026 10:57:37

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്